(സി&ഡി) ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ ചീഫ് എഞ്ചിനീയർമാർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർക്ക് സെക്ഷൻ ഓഫീസുകൾ പരിശോധിക്കുവാനും ക്രമക്കേടുകൾ കണ്ടെത്തി അവ പരിഹരിക്കാനും ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശോധനയിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ എല്ലാ ഉദ്യോഗസ്ഥന്മാർക്കും എതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള അച്ചടക്ക നടപടികൾ എടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) കെ.എസ്.ഇ.ബി.-യുടെ എല്ലാ പ്രവർത്തനങ്ങളും ഇപ്പോൾ തന്നെ സുതാര്യമാണ്. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റോഡുകൾക്ക് വീതി കൂട്ടുമ്പോൾ ഇലക്ട്രിക് പോസ്റ്റുകൾ ഇളക്കി മാറ്റാൻ നടപടി

1 (3923) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുകൾക്ക് വീതി കൂട്ടുമ്പോൾ റോഡരുകിലെ ഇലക്ട്രിക് പോസ്റ്റുകൾ ഇളക്കിമാറ്റിവയ്ക്കാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ റോഡ് വീതി വർദ്ധിപ്പിക്കുകയും ഇലക്ട്രിക് പോസ്റ്റുകൾ പഴയ സ്ഥലത്ത് തന്നെ നിൽക്കുകയും ചെയ്യുന്നതുമൂലം ഉണ്ടാകുന്ന അപകടം ഒഴിവാക്കുന്നതിന് വേണ്ടുന്ന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ ആവശ്യപ്പെടുകയും വർക്ക് ഡെപ്പോസിറ്റ് അടയ്ക്കുകയും ചെയ്യുന്ന മുറയ്ക്ക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നുണ്ട്.

ഒ.വൈ.ഇ.സി. തുക തവണകളായി അടയ്ക്കാൻ നടപടി

2 (3926) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒ.വൈ.ഇ.സി. തുക തവണകളായി അടയ്ക്കാൻ അനുവദിക്കുന്ന് കെ.എസ്.ഇ.ബി.-യുടെ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;

(ബി) തവണ അടച്ച് കണക്ഷൻ ലഭിക്കാൻ അർഹരായവർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ പദ്ധതി എന്നുമുതൽ നിർത്തിവച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സാമ്പത്തിക പരാധീനത അനുഭവിക്കുന്നവർക്ക് സഹായകരമായ ഈ പദ്ധതി തുടരാൻ ഗവൺമെന്റ് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒ.വൈ.ഇ.സി. സ്കീമിൽ പണമടയ്ക്കാൻ കഴിയാത്തവർക്കു വേണ്ടിയുള്ള പ്രയോറിറ്റി ഇൻസ്റ്റാൾമെന്റ് സ്കീം നിലവിലുണ്ട്.

(ബി-ഡി) 31-12-2001 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം നൽകുന്നു.

തമിഴ്നാട് അനധികൃതമായി വെള്ളം ചോർത്തുന്നത് തടയാൻ നടപടി

3 (3943) ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി മെഴ്സി രവി :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ജലാശയങ്ങൾ, നദികൾ, നീരൊഴുക്കുകൾ, അരുവികൾ, നീർമറി പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്നും തമിഴ്നാട് അനധികൃതമായി വെള്ളം ചോർത്തുന്നുണ്ട് ;

(ബി) ആയതുസംബന്ധിച്ച് ഏതെങ്കിലും ഗവൺമെന്റ് വകുപ്പുകളുടെയോ ഗവൺമെന്റ് ഏജൻസികളുടെയോ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏത് വകുപ്പിന്റെയും ഏത് ഏജൻസിയുടെയും റിപ്പോർട്ടാണ് കിട്ടിയിട്ടുള്ളത് ;

(ഡി) ഇത് സംബന്ധിച്ചുള്ള പത്ര റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിക്കാറുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണെടുക്കുന്നത് ;

(എഫ്) ഇത് സംബന്ധിച്ച പത്ര റിപ്പോർട്ടുകളിൻമേൽ യാതൊരു നടപടിയുമെടുക്കാത്തപക്ഷം ആയതിനുള്ള കാരണങ്ങളെന്തെന്ന് പറയുമോ ?

ഉത്തരം

(എ) തമിഴ്നാട് ഒരിടത്തുനിന്നും അധനികൃതമായി വെള്ളം ചോർത്തുന്നതായി കണ്ടെത്തിയിട്ടില്ല.

(ബി&സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly